LIBRARY ARCHIVES Kerala Legislative Assembly

സർക്കാറാഫീസുകളിലെ പ്രവൃത്തിദിനങ്ങൾ

3 [794] ശ്രീ. കെ. നാരായണക്കുറുപ്പ്:

" റോഷി അഗസ്റ്റിൻ:

" തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഓഫീസുകളിലെ പ്രവൃത്തിദിനങ്ങൾ ആഴ്ചയിൽ അഞ്ചാക്കി ചുരുക്കുകയും ഓഫീസ് സമയം ദീർഘിപ്പിക്കുകയും ചെയ്യണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) പ്രവൃത്തി ദിവസങ്ങൾ ആഴ്ചയിൽ അഞ്ചാക്കി ചുരുക്കുകയെന്നത് നയപരമായ ഒരു തീരുമാനമാണ്. ഇതിന്റെ വിവിധ വശങ്ങളെ കുറിച്ച് 10-4-2002-ൽ മന്ത്രിസഭ ചർച്ച ചെയ്യുകയുണ്ടായി. എന്നാൽ ഇതിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

പണിമുടക്കിയ ജീവനക്കാരുടെ സമര കാലാവധി

4 [795] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ജനുവരി 16-ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ സമരം ചെയ്ത സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയിരുന്ന ഡയസ്നോൺ പിൻവലിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ കാലാവധി എങ്ങനെ കണക്കാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) ഈ സമര കാലാവധി അർഹതയുള്ള ലീവ് ആയി കണക്കാക്കിയാൽ എന്തു സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി ആന്റ് സി) ഇപ്പോൾ പരിഗണനയിലില്ല.